ആത്മകഥ



# ഒരു ബധിരന്റെ ആത്മകഥാ കുറിപ്പുകൾ 13

ചിത്രീകരണം – ശ്രീകുമാർ മാവൂർ

## സ്വപ്നസഞ്ചാരം


സുനിൽ ഉപാസന

8281197641





നമുക്കെല്ലാവർക്കും ജീവിതത്തിൽ സൗഹൃദങ്ങൾ ലഭിക്കുന്നത് പ്രധാനമായും രണ്ടു രീതിയിലാണ്. ഒന്നാമത്തെ പ്രക്രിയയിൽ, മറ്റുള്ളവർ നമ്മുടെ അടുത്തെത്തി സംസാരിച്ചു പരിചയം സ്ഥാപിക്കും. ഇത് മനപ്പൂർവ്വമായ ഒരു പ്രവൃത്തിയായിരിക്കേണ്ടതുണ്ട്. എങ്കിലേ സൗഹൃദത്തിന്റെ കള്ളിയിൽ പെടുത്താൻ പറ്റൂ. രണ്ടാമത്തെ പ്രക്രിയയിൽ, മറ്റുള്ളവരുമായി പരിചയവും സൗഹൃദവും സ്ഥാപിക്കാൻ മുൻകൈ എടുക്കുന്നത് നാം തന്നെയായിരിക്കും. ഇവയാണ് സൗഹൃദ സ്ഥാപനത്തിനുള്ള രണ്ടു പ്രധാന വഴികൾ.

എന്റെ ജീവിതത്തെ സംബന്ധിച്ചാണെങ്കിൽ, ഞാൻ മറ്റുള്ളവരോടു അങ്ങോട്ടു പോയിക്കണ്ടു സൗഹൃദം സ്ഥാപിക്കുന്ന, രണ്ടാമത്തെ, പ്രക്രിയ നിരവധി തവണ അരങ്ങേറിയിട്ടുണ്ട്. പക്ഷേ ആദ്യത്തേത് ഒരിക്കൽ മാത്രമേ സംഭവിച്ചിട്ടുള്ളൂ! ശ്രവണന്യൂനത പിടികൂടിയ ശേഷം ഒരേയൊരു വ്യക്തി മാത്രമേ, സ്വമനസ്സാലെ, സുഹൃത്തുക്കളാകണം എന്ന വ്യക്തമായ ഉദ്ദേശത്തോടെ എനിക്കരികിലെത്തി പരിചയപ്പെട്ട് സൗഹൃദം സ്ഥാപിച്ചുള്ളൂ. മറ്റുള്ളവരെല്ലാം ഔപചാരിക സംഭാഷണങ്ങൾക്കുശേഷം കൈ കൊടുത്തു പിരിഞ്ഞു. ഈ സുഹൃത്ത് അത്തരക്കാർക്കിടയിൽ ഒരു അപവാദമായി. ആദ്യത്തേതും അവസാനത്തേതുമായ അപവാദം.

ഞാൻ എന്നും മറക്കാൻ ആഗ്രഹിക്കുന്ന ഒന്നാണ് എന്റെ കോളേജ് പഠനക്കാലം. കൂട്ടുകാരില്ല, ലക്ചറുകൾ മനസ്സിലാകുന്നില്ല, എന്നോടു സംസാരിക്കാൻ കൂടി ആരും തയ്യാറാകാഞ്ഞ കാലഘട്ടം! അങ്ങോട്ടുള്ള എന്റെ എല്ലാ അന്വേഷണങ്ങൾക്കും സഹപാഠികളിൽ നിന്നു ഒറ്റവാക്കിൽ മറുപടി ലഭിച്ചു. മാനസികാരോഗ്യം നിലനിർത്താൻ ആരെങ്കിലുമായും സംസാരത്തിൽ ഏർപ്പെടേണ്ടത് എത്രത്തോളം അവശ്യമാണെന്നു അന്നാണ് ഞാനറിഞ്ഞത്. ക്ലാസ് മുറി എനിക്കു ജയിൽ സെല്ലും, പുറലോകം സ്വാതന്ത്ര്യവുമായിരുന്നു. എല്ലാ ദിവസവും ഉച്ചക്കു കോളേജ് ഗേറ്റിനരുകിൽ, അർദ്ധവൃത്താകൃതിയിലുള്ള ബസ് വെയിറ്റിങ്ങ് ഷെഡിൽ ഞാൻ സമയം ചെലവഴിക്കുമായിരുന്നു. ആളും ആരവവുമില്ലാതെ നിശ്ശബ്ദത തളംകെട്ടിയ അവിടെ രണ്ടുകൊല്ലം ഞാൻ വ്യസനപ്പെട്ടു ഇരുന്നു. പ്രൈവറ്റ് ബസ്സുകൾ മാത്രം എന്നെ സന്ദർശിച്ചു. ചില ദുർബല നിമിഷങ്ങളിൽ ബസ് കയറി, അപ്പോൾ തന്നെ, കോളേജിൽ നിന്നു വീട്ടിലേക്കു പോകാൻ എന്റെ മനസ്സ് വെമ്പുമായിരുന്നു. കോളേജിലെ ഓരോ ദിവസവും എനിക്ക് ട്രാജഡിയായിരുന്നു. അങ്ങിനെയുള്ള നിരാശാഭരിതമായ കാലത്താണ്, ഷിബു രാമകൃഷ്ണൻ എന്റെ അരികിൽ വന്നു കുശലം ചോദിച്ച്, കൈ പിടിച്ചു കുലുക്കി സൗഹൃദം സ്ഥാപിച്ചത്. നിങ്ങൾക്കറിയുമോ, ഞങ്ങൾ ഇന്നും ആ ഹാൻഡ് ഷേക്ക് വിടുവിച്ചിട്ടില്ല. അതിനാൽ എനിക്കൊരു പൂർവ്വജന്മം ഉണ്ടായിരുന്നോ മതിയാകൂ.

### സ്വപ്നങ്ങൾ

ഇന്നത്തെ ദിവസം രസകരമായിരുന്നു. ബന്നർഘട്ട റോഡിലുള്ള ഒരു കമ്പനിയാണ് ഇന്റർവ്യൂവിനു വിളിച്ചത്. വളരെയധികം ഉല്പന്നങ്ങൾ നിർമിച്ച് വിൽക്കുന്ന പ്രതാപികൾ. ഞാൻ ഇന്റർവ്യൂവിനു നല്ല മുൻകരുതൽ എടുത്തു. പക്ഷേ അവിടെയെത്തിയപ്പോൾ എച്ച്ആർ എക്സിക്യൂട്ടീവ് പറയുന്നു, ഡിപ്ലോമക്കാർ ബയോഡാറ്റ തന്നിട്ടു പോയ്ക്കോളാൻ. പിന്നീടു വിളിക്കാമത്രെ! ബാംഗ്ലൂരിൽ ഇത്തരം



മറുപടികൾ പച്ചമലയാളത്തിലേക്കു മൊഴിമാറ്റം ചെയ്താൽ അതിനർത്ഥം 'എറങ്ങിപ്പോടേയ്' എന്നാണ്. ഇന്റർവ്യൂവിനു വന്നവരിൽ ഒരുവൻ നല്ല ഉശിരനായിരുന്നു. അദ്ദേഹം തർക്കിച്ചു. അപ്പോൾ എച്ച്ആർ എക്സിക്യുട്ടീവ് ചുറ്റിലുള്ളവരെയെല്ലാം നോക്കി അദ്ദേഹത്തോടു ചോദിച്ചു; എല്ലാവരും കേട്ടോളൂ എന്ന ധ്വനിയോടെ.

"എന്താണ് നിന്റെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ യോഗ്യത?"

അനുകൂലമായ സാഹചര്യങ്ങളിൽ വളർന്നു വന്നവരുടേയും, കനത്ത ഫീസ് അടയ്ക്കാൻ പണമുള്ളവരുടേയും മറുപടി മിക്കവാറും 'എൻജിനീയറിങ്' എന്നായിരിക്കും. സാമ്പത്തികവും മറ്റു സാഹചര്യങ്ങളും ഇല്ലാതെ, എന്നാൽ പഠനത്തിൽ സമർത്ഥരുമായി, വളർന്നവർ 'ഡിപ്ലോമ' എന്നു പറയും. സാമാന്യവൽക്കരണമല്ല. അപഭ്രംശങ്ങൾ എവിടേയും സാധാരണമാണ്! അദ്ദേഹം രണ്ടാമത്തെ കൂട്ടത്തിലായിരുന്നു. കൂസലില്ലാതെ മറുപടി പറഞ്ഞു.

"ത്രീ ഇയർ ഫുൾ ടൈം ഡിപ്ലോമ."

മറുപടി കേട്ടതോടെ 'ഞാൻ ജയിച്ചു. നീ തോറ്റു' എന്ന ഭാവത്തിൽ വളരെ ഹർഷോന്മാദത്തോടെ, എന്നാൽ അപാരമായ കാരുണ്യം മുഖത്തുവരുത്തി എച്ച്ആർ പറഞ്ഞു.

"ഞങ്ങൾ ഈ ജോലിക്ക് എൻജിനീയറിങ് ബിരുദം ഉള്ളവരെയേ പരിഗണിക്കൂ?"

ശരി സാർ. സമ്മതിച്ചു. പക്ഷേ എൻജിനീയറിങ് ബിരുദമുള്ളവരെയേ തിരഞ്ഞെടുക്കൂവെങ്കിൽ, 'പിന്നെയെന്തിന് ഇ-മെയിൽ അയച്ചു ഡിപ്ലോമക്കാരെ ഇന്റർവ്യൂവിനു വിളിച്ചു വരുത്തി' എന്നു ചോദിച്ചാൽ എച്ച്ആർ ചൂളുമെന്നോ മനസ്സാക്ഷിക്കുത്തു കൊണ്ടു ഉത്തരം മുട്ടുമെന്നൊന്നും കരുതരുത്. അതിനൊക്കെ അവർക്കു വ്യക്തമായ മറുപടിയുണ്ട്. അതാണ് So Sorry!

മേൽപ്പറഞ്ഞ Sorry എന്ന വാക്കിനു പ്രത്യേക അർത്ഥതലങ്ങളുണ്ട്. ഇത്തരം സന്ദർഭങ്ങളിലും അതു ഉപയോഗിക്കാമെന്നു എനിക്കു അറിയില്ലായിരുന്നു. അറ്റകൈക്കു പ്രതീക്ഷിക്കാവുന്ന ഉത്തരം 'Bulk Email' പോലുള്ള സാങ്കേതിക കാരണങ്ങളാണ്. എന്നാൽ അതുണ്ടായില്ല. പകരം കിട്ടിയത് Sorry. എച്ച്ആർ എക്സിക്യൂട്ടീവ് സോറി പറഞ്ഞതും, ഉദ്യോഗാർത്ഥി പൊട്ടിച്ചിരിച്ചു. കൂടെ മറ്റുള്ളവരും. കാരണം Sorry എന്ന വാക്കിനു വന്ന മൂല്യശോഷണം വളരെ വലുതായിരുന്നു.

(3rd February 2007)

***************

ടെറസിൽ, അരയോളം പൊക്കമുള്ള അലക്കുകല്ലിൽ ഞാൻ ഇരുന്നു. കാലുകൾ നിവർത്തി കല്ലിനോടു ചേർത്തു വച്ചു. ടെറസിൽനിന്നു നോക്കിയാൽ ദൂരെ ടിൻ ഫാക്ടറി ജംഗ്ഷനിലെ ഫ്ളൈഓവർ കാണാം. ഏതാനും ഭാരവണ്ടികൾ മാത്രമേ ഇപ്പോൾ അതിലൂടെ സഞ്ചരിക്കുന്നുള്ളൂ. എല്ലാവരും ഉറങ്ങുകയാണ്. നഗരവും. എനിക്കുമാത്രം ഉറക്കം നിഷേധിക്കപ്പെട്ടിരിക്കുന്നു. കാരണമോ, സ്വപ്നങ്ങളും! സ്വപ്നങ്ങൾ അബോധമനസ്സിന്റെ വെറും ചാഞ്ചല്യങ്ങളല്ല. അവയ്ക്കു പിറകിൽ ഭൂതകാലത്തിന്റെ കൈകളുണ്ടെന്നാണ് ചില ഭാരതീയ ആചാര്യന്മാരുടെ മതം. കൂടാതെ വേറേയും ചില ഘടകങ്ങൾ സ്വപ്നങ്ങൾക്കു കാരണമാകാം. അവയിലൊന്ന് ഇനി പറയുന്നു. നിത്യജീവിതത്തിൽ മനുഷ്യന്റെ ആഗ്രഹങ്ങൾക്കു യാതൊരു പരിധിയുമില്ല എന്നതാണ് സത്യം. അതുകൊണ്ടു തന്നെ എല്ലാ ആഗ്രഹങ്ങളും സാക്ഷാത്കരിക്കപ്പെടുന്നില്ല. സഫലീകരിക്കപ്പെടാത്ത ആഗ്രഹങ്ങൾ യഥാർത്ഥ ജീവിതത്തിൽ ആകാശകുസുമം മാത്രമായി തുടരും. പക്ഷേ മറ്റൊരിടത്തു ഈ ആകാശകുസുമങ്ങളും പുഷ്പിച്ച്, ഇന്ദ്രിയങ്ങൾക്കു മുന്നിൽ[1]

cognitions have real substrata in the external world... and about dream-cognitions..... the external substratum is not altogether absent. In all cases there is a real substratum, though in dreams appearing under diverse conditions of time and place. What is perceived in dream is some real external objects that has been perceived previously either in this life or in some past life, or at some other time, and it is cognized in dreams either in the same context or under different circumstances

*- Mimamsa Sloka Varttika. by Kumarila Bhatta.*

യഥാർത്ഥ സംഭവം പോലെ നിറഞ്ഞാടും. ആ വേളയിൽ നമുക്കു പൂർണ സംതൃപ്തി ലഭിക്കുകയും ചെയ്യും. സ്വപ്നങ്ങളുടെ പ്രാധാന്യം

ഇവിടെയാണ്. നിത്യജീവിതത്തിൽ സഫലീകരിക്കപ്പെടാത്ത ആഗ്രഹങ്ങൾ, അബോധമനസ്സിൽ സഫലീകരിക്കാനുള്ള ഒരു സാഹചര്യം. യഥാർത്ഥ ജീവിതത്തിൽ സംഭവിക്കാൻ ആഗ്രഹമുള്ളവയുടെ, (ആഗ്രഹമില്ലാത്തവയും സ്വപ്നത്തിൽ വരാറുണ്ടെന്നത് മറക്കുന്നില്ല). റിഹേഴ്സൽ എന്നും പറയാം. ആഗ്രഹങ്ങൾ യഥാർത്ഥ ജീവിതത്തിൽ സംഭവിച്ചില്ലെങ്കിൽ തന്നെയും. സ്വപ്നത്തിലെ റിഹേഴ്സലുകളുടെ മാധുര്യം നമ്മിൽ തങ്ങിനിൽക്കും. ഒപ്പം ആഗ്രഹം നടന്നിരുന്നെങ്കിലോ എന്ന ചിന്ത മനസ്സിനെ പീഡിപ്പിക്കുകയും ചെയ്യും. അത്തരം സ്വപ്നങ്ങളും, പീഡകളുമാണ് ഇക്കാലത്ത് എന്റെ ഉറക്കം കെടുത്തുന്നത്. കുറച്ചു മുമ്പും അങ്ങിനെയൊരു സ്വപ്നം അബോധ മനസ്സിൽ നിറഞ്ഞാടി.

സ്വപ്നത്തിൽ ഞാൻ ഉദ്യാനനഗരിയിൽ. ഡയറി സർക്കിളിനടുത്തുള്ള പ്രശസ്തമായ ഒരു കമ്പനിയുടെ ഓഫീസിൽ ഇന്റർവ്യൂവിനായി ഇരിക്കുകയാണ്. അദ്ഭുതകരമെന്നു പറയട്ടെ. സ്വപ്നത്തിൽ കലണ്ടറും ഉണ്ടായിരുന്നു. കലണ്ടർ സൂചിപ്പിച്ച ദിവസം 2006 December 20 ആണ്. പതിവിനു വിപരീതമായി സായാഹ്നത്തിലാണ് കൂടിക്കാഴ്ച. ഒരു ഇന്റർവ്യൂ കടമ്പ മുമ്പേ കഴിഞ്ഞിരുന്നു. അതു നവംബർ പതിനൊന്നിനാണെന്നു മനസ്സിലെ കലണ്ടർ സൂചിപ്പിച്ചു. ഇന്നു ഫൈനൽ ഡിസ്കഷനാണ്. അതിനാണ് കടുത്ത വൈറൽപനി ഉണ്ടായിട്ടും ഓവർകോട്ടു പുതച്ച് പ്രതീക്ഷയോടെ ഞാൻ എത്തിയിരിക്കുന്നത്. നാലുപേർ മാത്രമേ അഭിമുഖത്തിന് ഉണ്ടായിരുന്നുള്ളൂ. വിരസമായ കുറച്ചു സമയത്തിനൊടുവിൽ എന്റെ പേരു വിളിച്ചു. ഞാൻ മുറിയിൽ കയറി. മാഡം ഫോണിലൂടെ ആരോടോ സംസാരിക്കുകയാണ്. ഇംഗ്ലീഷിൽ അനർഗളം സംസാരിക്കുന്ന ആ വനിതയുടെ ഐഡന്റിറ്റി കാർഡിൽ ഞാൻ സാകൂതം നോക്കി.

"സുമിത ദത്ത."

സ്വപ്നമായതിനാലാകാം കമ്പനിയുടെ പേരു അവ്യക്തമായിരുന്നു.



കുറച്ചുകഴിഞ്ഞ് മാഡം സംസാരം നിർത്തി, എന്റെ ബയോഡാറ്റ സൂക്ഷിച്ചു വായിച്ചു. പിന്നെ കുറച്ചു സാധാരണ ചോദ്യങ്ങൾ ചോദിച്ചു. ഞാൻ തൃപ്തികരമായി ഉത്തരം പറഞ്ഞു. ഒപ്പം ചില ആശങ്കകളും പങ്കു വച്ചു. മാഡം അവയെല്ലാം പുഞ്ചിരിയോടെ നേരിട്ടു. കമ്പനിക്കു വളരെ നന്നായി പ്ലാൻ ചെയ്ത സംവിധാനങ്ങൾ ഉണ്ടെന്നും, ഓഫർ ലെറ്റർ നാളെ ഇ-മെയിലിൽ വരുമെന്നും അവർ പറഞ്ഞു. മുറിക്കു പുറത്തിറങ്ങുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

"എനിക്ക് സെലക്ഷനായോ!"

സ്വപ്നം ഇത്രയുമെത്തിയപ്പോൾ ഞാൻ ഞെട്ടി ഉണർന്നു. അബോധമനസ്സിലെ സ്വപ്ന സാക്ഷാത്കാരം ബോധമനസ്സിനു ആഘാതമായതിനാൽ കണ്ണുകൾ നിറഞ്ഞു. പിന്നെ എനിക്ക് ഉറക്കം വന്നില്ല. ടെറസിൽ വന്നിരുന്നിട്ടും സ്വപ്നത്തിന്റെ മായിക പ്രപഞ്ചത്തിൽ നിന്നു വിടുതൽ കിട്ടിയില്ല. അടുത്ത കാലത്ത് നടന്ന, പരാജയപ്പെട്ട ഒരു സംഭവവുമായി സ്വപ്നത്തിനു അഭേദ്യബന്ധം ഉണ്ടായിരുന്നു. അതിനാലാകണം സ്വപ്നം എന്നെ വിടാതെ പിടികൂടിയത്. സ്വപ്നങ്ങൾ എന്നിൽ എന്നും യഥാർത്ഥ്യത്തിന്റെ മേലങ്കിയണിയുന്നത് കഷ്ടമാണ്.

അന്നു സന്ധ്യയിൽ, വളരെ കർക്കശമായിരുന്നു മാഡത്തിന്റെ പെരുമാറ്റം.

"ഞങ്ങളുടെ റെക്കോർഡുകൾ പ്രകാരം താങ്കൾ ടെക്നിക്കലി വിദഗ്ദ്ധനാണ്. എന്നാൽ ശ്രവണ ന്യൂനത മൂലം താങ്കളെ സെലക്ട് ചെയ്യാൻ എനിക്ക് നിർവാഹമില്ല."

ഞാൻ സൂചിപ്പിച്ചു. "പക്ഷേ ടെക്നിക്കൽ ഇന്റർവ്യൂ ചെയ്ത സാർ ഇതൊരു പ്രശ്നമായി കണ്ടില്ലല്ലോ മാഡം. ഞാൻ ശ്രവണ ന്യൂനതയെപ്പറ്റി അദ്ദേഹത്തോടു പറഞ്ഞിരുന്നു."

"അത് അവരുടെ ചുമതല അല്ല."

മാഡം ഒന്നും മറയ്ക്കാതെ തുറന്നു പറഞ്ഞു. എനിക്കു തൊഴിൽ ചെയ്യാനാകുമെന്ന ആത്മവിശ്വാസം പ്രകടിപ്പിക്കാൻ അവസരം ചോദിച്ചപ്പോൾ മാഡത്തിന്റെ ഭാവം പരുഷമായി.

"തിരിച്ചു പോകുമ്പോൾ വിസിറ്റർ ബാഡ്ജ് സെക്യൂരിറ്റിക്കു കൊടുക്കാൻ മറക്കരുത്."

ഞാൻ സ്തംഭിച്ചു പോയി. പറഞ്ഞതു കേട്ടില്ലെന്നു കരുതി മാഡം ആവശ്യം വീണ്ടും ആവർത്തിച്ചു. സ്തംഭനം പൂർത്തിയായി.
ഇതായിരുന്നു സ്വപ്നത്തിന്റെ പൂർവ്വകാല അടിസ്ഥാനം.

(തുടരും)